# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 3878** **15.03.2017- ൽ മറുപടിക്ക്**

**പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) വൈദ്യുതി കുടിശ്ശികയുടെ പേരിൽ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചതു മൂലം കഴിഞ്ഞ 5 മാസമായി (2016 ഒക്ടോബർ മുതൽ 2017 ഫെബ്രുവരി പകുതി വരെ) താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. വൈദ്യുതി കുടിശ്ശിക സംബന്ധിച്ച് ബഹു.വൈദ്യുതി മന്ത്രിയുടെ സാന്നിധ്യത്തിൽ 10.01.2017 തീയതിയിലുണ്ടായ യോഗതീരുമാനപ്രകാരം 2017 ഫെബ്രുവരി മാസം വൈദ്യുതി കണക്ഷൻ പുന:സ്ഥാപിക്കപ്പെട്ടു. മില്ലുകൾ 2017 ഫെബ്രുവരി 20,22 തീയതികളിൽ വീണ്ടും പ്രവർത്തിച്ചു തുടങ്ങി.<br><br>കോർപ്പറേഷന്റെയും സഹകരണമേഖലകളിലേയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ച 7 യൂണിറ്റുകൾ പ്രവർത്തിപ്പിച്ചു തുടങ്ങുന്നതിനുമായി 1850 ലക്ഷം രൂപയുടെ ധനസഹായം ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ധനസഹായം കൊണ്ട് താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ച 7 യൂണിറ്റുകളും പ്രവർത്തിച്ചു തുടങ്ങി. |
| (ബി) എങ്കിൽ, പൂട്ടിക്കിടന്ന എത്ര സ്പിന്നിംഗ് മില്ലുകളാണ് ഈ സർക്കാർ തുറന്ന് പ്രവർത്തിപ്പിച്ചത്; ഇനി എത്ര എണ്ണം പൂട്ടിക്കിടക്കുകയാണ് ; | (ബി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളിൽ വൈദ്യുതി കുടിശ്ശികയുടെ പേരിൽ താൽക്കാലികമായി പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്ന 5 സ്പിന്നിംഗ് മില്ലുകളും |

ടെക്സ്ഫെഡിന്റെ കീഴിലുള്ള കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലും, തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലും സർക്കാരിന്റെ അടിയന്തിരമായ ഇടപെടലിനെ തുടർന്ന് തുറന്നു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് സ്പിന്നിംഗ് മില്ലുകൾ ഒന്നും പൂട്ടിക്കിടക്കുന്നില്ല.

| | |
|---|---|
| (സി) പൂട്ടിക്കിടക്കുന്ന സ്പിന്നിംഗ് മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എത്ര തുകയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്;ഇതിൽ എത്ര തുക വിനിയോഗിച്ചു; | (സി) കോർപ്പറേഷന്റെയും സഹകരണമേഖലകളിലേയും മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, താൽക്കാലികമായി പ്രവർത്തനം നിർത്തിവെച്ച 7 യൂണിറ്റുകൾ പ്രവർത്തിപ്പിച്ചു തുടങ്ങുന്നതിനുമായി 1850 ലക്ഷം രൂപയുടെ ധനസഹായം ഈ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിൽ പൂട്ടിക്കിടക്കുന്ന സഹകരണ സ്പിന്നിംഗ് മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിലേക്കായി അനുവദിച്ച 7.10 കോടി രൂപയിൽ 3.43 കോടി രൂപ വിനിയോഗിച്ചു. |
| (ഡി) സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി പുന:സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പുന:സംഘടനയിൽ കേന്ദ്ര സർക്കാരിന്റെ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | (ഡി) ഉണ്ട്. പുന:സംഘടിപ്പിച്ച കോട്ടൺ പർച്ചേസ് കമ്മിറ്റിയിൽ റിയാബ് സെക്രട്ടറി, ടെക്സ്ഫെഡ്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ, സീതാറാം ടെക്സ്റ്റൈൽസ്, മറ്റ് സഹകരണ സ്പിന്നിംഗ് മില്ലുകളുടെ മാനേജിംഗ് ഡയറക്ടർമാർ തുടങ്ങിയവർ അംഗങ്ങളാണ്. ഇതിന്റെ പുന:സംഘടനയിൽ കേന്ദ്രസർക്കാരിന്റെ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഇ) വില താരതമ്യപഠനത്തിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ, ഇതു മൂലം പുന:സംഘടനയിൽ എന്തെങ്കിലും പ്രതിസന്ധി നേരിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) സ്വീകരിച്ചിട്ടുണ്ട്. സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി മുഖാന്തിരം മില്ലുകൾക്കാവശ്യമായ വ്യത്യസ്തമായ തരത്തിലുള്ള കോട്ടൺ വാങ്ങുന്നത് ഇ-ടെൻഡർ മുഖേനയാണ്. ഇ-ടെൻഡർ സംവിധാനത്തിൽ ആവശ്യമായ ടെൻഡറുകൾ വരുന്ന മുറയ്ക്ക് അതിന്റെ വില കമ്പോളവിലയുമായി താരതമ്യപ്പെടുത്തി, കുറഞ്ഞ വിലയ്ക്ക് ക്വട്ടേഷൻ |

സമർപ്പിച്ചവരുമായി വിലപേശൽ നടത്തിയതിനു ശേഷം മാത്രമാണ് ഓർഡർ കൊടുക്കുന്നത്. അങ്ങനെ കുറയ്ക്കുവാൻ പറ്റാത്ത സാഹചര്യത്തിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇൻഡ്യ (സി.സി.ഐ) ഇ-ടെൻഡറിൽ പങ്കെടുക്കുന്നില്ലെങ്കിലും അതാത് മില്ലുകൾക്ക് സി.സി.ഐയുടെ ഇ-ഓക്ഷനിൽ പങ്കെടുത്ത് മാത്രമേ പഞ്ഞി വാങ്ങുവാൻ കഴിയുകയുള്ളൂ. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ലാബിൽ പഞ്ഞിയുടെ ഗുണമേന്മ ടെസ്റ്റ് ചെയ്യുകയും ആയതിൽ വ്യത്യാസമുണ്ടെങ്കിൽ അതിലും വിലകുറച്ചാണ് വാങ്ങുകയും ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ